കേരള സർക്കാർ
പട്ടികജാതി വികസന വകുപ്പ്
**ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി**
ഗ്രൗണ്ട് ഫ്ളോർ, അംബേദ്ക്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല,തിരുവനന്തപുരം-695015.
ഫോൺ നമ്പർ - 0471 2533272
വെബ്സൈറ്റ് **www.icsets.org** ഇ-മെയിൽ **icsets@gmail.com**

---

ഐ.സി.എസ്.ഇ.റ്റി.എസ് –19/14 തീയതി: 05/10/2017

## ക്വട്ടേഷൻ നോട്ടീസ്

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മണ്ണന്തല അംബേദ്ക്കർ ഭവനിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ ഓഫീസ്/ഹോസ്റ്റൽ ആവശ്യങ്ങളിലേക്ക് ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ മാസ വാടകയ്ക്ക് വാഹനം ഡ്രൈവർ സഹിതം നൽകുവാൻ താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

നല്ല കണ്ടീഷനോട് കൂടിയ 1500 സി.സിയിൽ കുറയാത്ത ഇനോവ, ടവേര, സൈലോ, ബൊലേറോ, സ്കോർപിയോ തുടങ്ങിയ ഫോർ വീലർ വാഹനമായിരിക്കണം. വാഹനം ഒരുമാസം പരമാവധി 1000 കി.മി. ദൂരം ഓടുന്നതിനുള്ള നോൺ-എയർ കണ്ടീഷണർ വാടകയാണ് രേഖപ്പെടുത്തേണ്ടത്. 1000 കിലോമീറ്ററിൽ കൂടുതൽ ഓടുന്ന ഓരോ കിലോമീറ്ററിനുള്ള നിരക്കും രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ നിരക്കാണോ, 1000 കീലോമീറ്ററിനും കഴിഞ്ഞുള്ള ഓരോ കിലോമീറ്ററിനും കാണിച്ചിട്ടുള്ള നിരക്കാണോ കുറവ് അതാണ് നൽകുക. വാഹനത്തെയും ഡ്രൈവറെയും സംബന്ധിച്ചുള്ള എല്ലാ രേഖകളും കാലികവും നിയമവിധേയവും ആയിരിക്കണം. ക്വട്ടേഷൻ വെള്ളക്കടലാസിൽ തയ്യാറാക്കി രേഖകളുടെ പകർപ്പുകൾ സഹിതം **'പ്രിൻസിപ്പൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, ഗ്രൗണ്ട് ഫ്ളോർ, അംബേദ്ക്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല, തിരുവനന്തപുരം-695015'** എന്ന വിലാസത്തിൽ 13.10.2017 ന് വൈകുന്നേരം **3** മണിക്ക് മുമ്പായി ലഭിക്കത്തക്കവിധം സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം 4 മണിക്ക് ക്വട്ടേഷനുകൾ ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് "വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.

പ്രിൻസിപ്പൽ

പകർപ്പ്:- നോട്ടീസ് ബോർഡ്, ഐ.സി.എസ്.ഇ.റ്റി.എസ്,
ജില്ലാ പട്ടികജാതി വികസന ഓഫീസ്,
പട്ടികജാതി വികസന ഡയറക്ടറേറ്റ്